ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി പുനരുദ്ധരിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടക്കുന്നുണ്ട്. പുനരുദ്ധാരണ ആവശ്യങ്ങൾക്കുള്ള വായ്പകളും മറ്റു ആനുകൂല്യങ്ങളും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നും അനുവദിച്ചു നൽകുന്നുണ്ട്.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു 'ഒറ്റത്തവണ സഹായപദ്ധതി' നൽകാനുള്ള നയപരമായ തീരുമാനം സർക്കാർ എടുക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനായി ഒരു സമീപനത്തിന് രൂപം കൊടുക്കുന്നതിനുവേണ്ടി വ്യവസായ സാമൂഹ്യ ക്ഷേമ വകുപ്പുമന്ത്രി, ധന എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ പൊതുമേഖലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. ചെറുകിട-വൻകിട വ്യവസായങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

വ്യാവസായിക ഉൽപ്പന്നങ്ങളുടെ എക്സിബിഷൻ ആരംഭിക്കാൻ നടപടി

126 [487] *ശ്രീ. എ. കെ. മണി:*

,, *ടി. എൻ. പ്രതാപൻ:*

,, *ജോർജ് ജെ. മാത്യു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന ടൂറിസ്റ്റുകൾക്ക് ഒരു കുടയ്ക്കു കീഴിൽ നിന്ന് സംസ്ഥാനത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുവേണ്ടി വ്യവസായ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലും വ്യാവസായിക ഉൽപ്പന്നങ്ങളുടെ ഒരു സ്ഥിരം എക്സിബിഷൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ എക്സിബിഷനിൽ കുടുംബശ്രീ, വനംവകുപ്പ് മുതലായവയുടെ ഉൽപ്പന്നങ്ങളും വിൽക്കുവാനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന ടൂറിസ്റ്റുകൾക്ക് സംസ്ഥാനത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ഒരു സ്ഥലത്തുനിന്നും വാങ്ങുന്നതിനുള്ള ഒരു സ്ഥിരം സംവിധാനം തുടങ്ങുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു. എന്നാൽ കരകൗശല

LIBRARY ARCHIVES Kerala Legislative Assembly

വികസന കോർപ്പറേഷൻ, ആർട്ടിസാൻസ് വികസന കോർപ്പറേഷൻ, സുരഭി, ഹാൻവീവ്, ഹാൻടെക്സ് എന്നിവയിലൂടെ കരകൗശലമേഖലയിലെയും കൈത്തറി മേഖലയിലെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ട്. കൂടാതെ, വിവിധ പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി പൊതുവിപണന കേന്ദ്രങ്ങൾ തുടങ്ങുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) & (സി) ഓരോ ജില്ലയിലും വ്യാവസായിക ഉൽപ്പന്നങ്ങളുടെ സവിശേഷ എക്സിബിഷൻ ആരംഭിക്കുന്നതു സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടന്നുവരുന്നു.

കരിമണൽ ഖനനം

127 [488] *ശ്രീ. ജോണി നെല്ലൂർ:*

,, *ടി. എം. ജേക്കബ്:*

,, *കെ. ബി. ഗണേഷ്കുമാർ:*

,, *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പുമന്ത്രി കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത ചർച്ചയിൽ പങ്കെടുത്തവർ ആരെല്ലാം; ഏത് സംഘടനകളെ പ്രതിനിധീകരിച്ചാണ് ഇവർ പങ്കെടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) ചർച്ചയ്ക്ക് ക്ഷണിച്ചവരിൽ വരാതിരുന്നവർ ആരെല്ലാം;

(ഡി) ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാം;

(ഇ) കേരളത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിൽ കരിമണൽ ഖനനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചർച്ചയിൽ പങ്കെടുത്തവരുടെ പേരുവിവര പട്ടികയും അവർ പ്രതിനിധീകരിച്ച സംഘടനകളുടെ വിവരങ്ങളും അനുബന്ധം-1 നൽകുന്നു. †

(സി) ലിസ്റ്റ് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. †

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly